# വഴികാട്ടികൾ

## ഉള്ളടക്കം

1. പോളിയോ ബാധിച്ച കാലുകൾ കൊണ്ട് ലോകചാമ്പ്യയായ വിൽമ റൂഡോൽഫ്
2. റെഡ്ക്രോസ് സ്ഥാപകൻ ഹെൻറി ഡ്യുനന്റ്
3. കണ്ടുപിടുത്തങ്ങളുടെ രാജാവായ തോമസ് ആൽവ എഡിസൺ
4. അന്ധർക്കു പ്രകാശം പരത്തിയ ലൂയി ബ്രെയ്‌ലി
5. ഫൗണ്ടൻ പെൻ കണ്ടുപിടിച്ച ലൂയി എഡ്സൺ വാട്ടർമാൻ
6. പരസ്നേഹ പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. വിൻസെന്റ് ഡീ പോൾ

---

"നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക"

*(പ്രഭാഷകൻ 3:18)*

**Vazhikattikal** (Malayalam)

First Edition:  July 2006
Fifth Edition: January 2020

Compiled by:
**P.O. Luise**, T ripunithura
E-mail: poluise@gmail.com
Website: annmariapublishers.com

Published by :
**Ann Maria Publishers**
Kalady, Kochi, Kerala - 683 574
©P.O. Luise


ഈ പുസ്തകത്തിന് നിങ്ങൾ നിശ്ചയിക്കുന്ന  വില സഹായമർഹിക്കുന്ന ഒരു വ്യക്തിക്കു നിങ്ങളുടെ വിഹിതത്തോടാപ്പം കൊടുക്കുക.

*‘‘ദാനധർമ്മം ചെയ്യുന്നതിൽ മടി കാണിക്കരുത്. പാവപ്പെട്ടവനിൽ നിന്നും മുഖം തിരിച്ച് കളയരുത്. അപ്പോൾ ദൈവം നിന്നിൽ നിന്നും മുഖം തിരിക്കുകയില്ല.” (തോബിത് 4:7)*

*“സത്കർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് അതി മഹത്തായ പ്രതിഫലമുണ്ടെന്ന ശുഭവാർത്ത അറിയിക്കുന്നു”. (ഖുർ ആൻ 17:9)*

*“ഫലം പ്രതീക്ഷിക്കാതെ ഈശ്വരാർപ്പിതമായി സത്കർമ്മങ്ങൾ ചെയ്യുക. ഫലം കിട്ടിയില്ലെങ്കിലും സത്കർമ്മങ്ങൾ ഉപേക്ഷിക്കാതിരിക്കുക.” (ഭഗവത്ഗീത 2:47,49)*

# 1. പോളിയോ ബാധിച്ച കാലുകൾ കൊണ്ട് ലോകചാമ്പ്യയായ വിൽമ റുഡോൾഫ്



ആരാണ് വിൽമ റുഡോൾഫ്? പോളിയോ ബാധിച്ച കാലുകൾ കൊണ്ട് നിരന്തര പരിശ്രമ ത്താൽ ലോക ഒന്നാംനമ്പർ ഓട്ടക്കാരി യായിത്തീർന്ന ഒരു പെൺകുട്ടി.

ഒരു ദരിദ്ര കുടുംബത്തിലാണ് വിൽമ റുഡോൾഫ് ജനിച്ചത്. നാലാമത്തെ വയസ്സിൽ അവൾക്ക് പോളിയോ പിടിപെട്ടു. അവളുടെ അമ്മ നിരാശപ്പെട്ടില്ല. മകളെ പ്രോൽസാഹിപ്പിച്ചുകൊണ്ടിരുന്നു. "നിനക്ക് നടക്കാനും ഓടാനും ഉയരങ്ങൾ കീഴടക്കാനും കഴിയും...." എല്ലാ ദിവസവും ആ അമ്മ മകളോടു പറഞ്ഞുകൊണ്ടിരുന്നു. അമ്മയുടെ വാക്കുകൾ അവൾക്ക് വലിയ ആശ്വാസമേകി. ഒൻപതു വയസ്സായപ്പോൾ അവൾ അമ്മയോടു പറഞ്ഞു. "അമ്മേ, എനിക്ക് ഓട്ട മത്സരത്തിൽ ലോക ചാമ്പ്യയാകണം" "നീ തീർച്ചയായും, ലോകത്തിലെ ഒന്നാംനമ്പർ ഓട്ടക്കാരി യാകും"അമ്മ മറുപടി പറഞ്ഞു.

അതിനുശേഷം അവൾ, തന്റെ വൈകല്യമുള്ള കാലുകളെ നേരെയാക്കാൻ കെട്ടിവച്ചിരുന്ന സ്റ്റിക്കുകളെ ടുത്ത് ദൂരെ കളഞ്ഞു. കഠിനമായി പ്രയത്നിച്ച് എഴുന്നേറ്റു നിന്നു. ഒരടി മുന്നോട്ട് വയ്ക്കുന്നതിനുമുമ്പേ വീണു. പിന്നെയും ശ്രമിച്ചു. അങ്ങനെ ഒരു വർഷം കൊണ്ട് നടക്കാമെന്നായി മൂന്ന് വർഷത്തെ കഠിന പരിശ്രമ ഫലമായി ഓടാമെന്നായി.

അവൾ ഓട്ടമത്സരങ്ങളിൽ പങ്കെടുത്തു തുടങ്ങി. അവളെ പരിശീലിപ്പിക്കാനെത്തിയ എസ്ടെമ്പിൻ എന്ന കോച്ചിനോട് അവൾ പറഞ്ഞു. "എനിക്ക് ലോക ചാമ്പ്യയാകണം.... ." കോച്ച് അവളെ പ്രോൽസാഹിപ്പിച്ചു: "തീവ്രമായ നിന്റെ ആഗ്രഹത്തിനു മുൻപിൽ കീഴടങ്ങാതെ ഒന്നും ഉണ്ടാകില്ല." അന്ന് ലോകത്തിലെ ഒന്നാം നമ്പർ ഓട്ടക്കാരി ചൂത്താ ഹെയ്ൻ എന്ന വനിതയായിരുന്നു. അവളെ പരാജയപ്പെടുത്താൻ വിൽമ ദൃഢനിശ്ചയം ചെയ്തു. വർഷങ്ങൾ നീണ്ട പരിശീലനത്തിന്റെ ഫലമായി 1960-ലെ റോം ഒളിമ്പിക്സിൽ, വിൽമ അമേരിക്കൻ സംഘത്തിലെ അംഗമായി. ആദ്യ ഇനമായ 100 മീറ്റർ ഓട്ടത്തിൽ ഓടിയത് ലോകം കാണാത്ത ഒരു മാന്ത്രിക ശക്തിയോടെയായിരുന്നു. ചൂത്താ ഹെയ്ൻ തോറ്റു. വിൽമ സ്വർണ്ണമെഡലിൽ മുത്തമിട്ടു. തുടർന്ന് 200 മീറ്റർ ഓട്ടത്തിലും, 400 മീറ്റർ റിലേയിലും രണ്ട് സ്വർണ്ണങ്ങൾ കൂടി നേടി അവൾ ലോകചാമ്പ്യനായി.

പോളിയോ ബാധിച്ച് വികൃതമായ കാലുകൾ എങ്ങനെയാണ് ലോകത്തിലെ വേഗതകൂടിയ കാലുകളായി മാറിയത്? അവളുടെ അമ്മ അവളിൽ കുത്തിവച്ച തീവ്രമായ ആഗ്രഹം അതായിരുന്നു തുടക്കം. അമ്മമാരേ, ചിന്തിക്കൂ. നിങ്ങളുടെ മക്കൾക്ക് ഉണ്ടാകുന്ന ശാരീരിക-മാനസീക വൈകല്യങ്ങൾ, ബുദ്ധി കുറവാണെന്ന തോന്നൽ മുതലായവ നിങ്ങളെ നിരാശരാക്കാറുണ്ടോ? വിൽമയുടെ അമ്മയുടെ പ്രോൽസാഹനരീതി ഒരു മാതൃകയാക്കുന്നത് നല്ലതല്ലേ?

## 2. റെഡ്ക്രോസ് സ്ഥാപകൻ ഹെൻറി ഡ്യുനന്റ്



കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനായുള്ള ലോകത്തിലെ എറ്റവും വലിയ സംഘടന. അതാണ് റെഡ്ക്രോസ്. സ്വിറ്റ്സർലൻഡുകാരനായ ഹെൻറി ഡ്യുനന്റിന്റെ ശ്രമഫലമായാണ് ഈ സംഘടന രൂപം കൊണ്ടത്. ഹെൻറി ഡ്യുനന്റിന്റെ ജീവിതത്തിലേക്കും സംഘടന രൂപീകരിക്കാനുള്ള കാരണങ്ങളിലേയ്ക്കും ഒന്നെത്തി നോക്കാം.

ഹെൻറി ഡ്യുനന്റിന്റെ ജനനം 1828 മേയ് 8-ന് സ്വിറ്റ്സർലൻഡിലെ ജനീവയിലായിരുന്നു. ഷാൻ ജാക്കസിന്റെ അഞ്ചുമക്കളിൽ മൂത്ത മകനായി ജനിച്ച ഡ്യുനന്റ് ചെറുപ്പത്തിലേ സഹജീവിസ്നേഹവും ദയയും പ്രകടിപ്പിച്ചിരുന്നു. ഡ്യുനന്റിന് ആറു വയസ്സുള്ളപ്പോൾ പിതാവുമൊത്ത് ടൂലണിലെ ജയിൽ സന്ദർശിക്കാനിട യായി. ജയിലിലുള്ളവരുടെ കഷ്ടപ്പാടുകൾ നേരിൽ കണ്ടറിഞ്ഞ ഡ്യുനന്റ് മടങ്ങുമ്പോൾ പിതാവിനോട് പറഞ്ഞു: “ഞാൻ വലുതായാൽ ടൂലണിലെ തടവുകാരെ രക്ഷിക്കുന്നതിനുവേണ്ടി ഒരു പുസ്തകം എഴുതും”. പഠിക്കുവാൻ മിടുക്കനൊന്നുമായിരുന്നില്ല ഹെൻറി ഡ്യുനന്റ്. പഠിച്ചതെല്ലാം ഓർമ്മയിൽ വയ്ക്കാൻ ഡ്യുനന്റിന് കഴിഞ്ഞിരുന്നുമില്ല. ഒടുവിൽ 1842-ൽ ഡ്യുനന്റ് സ്കൂൾ വിട്ടു.

---

*“മറ്റുള്ളവർ നിങ്ങൾക്കു ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കു ന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ.”*

*(മത്തായി 7:12)*

ജനീവയിൽ പാവപ്പെട്ടവരെ സഹായിക്കുന്ന "ലീഗ് ഓഫ് ആംസ്" എന്ന സംഘടനയിൽ അംഗമായി 21-ാം വയസ്സിൽ ചെറുപ്പക്കാരായ കുറച്ചുപേരെ സംഘടിപ്പിച്ചു കൊണ്ട് ഡ്യുനന്റ് ഒരു സംഘടനയ്ക്ക് രൂപം കൊടുത്തു. 1853-ൽ ഡ്യൂനന്റ് ഒരു പണമിടപാട് സ്ഥാപനം തുടങ്ങി. വിജയകരമായി മുന്നോട്ടുപോയ ബിസിനസ്സിന്റെ നേട്ടം മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടണമെന്ന് ഡ്യുനന്റ് ആഗ്രഹിച്ചു. അതിനായി ലണ്ടൻ ആസ്ഥാനമായി തുടങ്ങിയ വൈ. എം. സി. എ. യിൽ അംഗമായി. ഈ സംഘടന ഇന്നത്തെ രീതിയിൽ ലോക വ്യാപകമായതിനു പിന്നിൽ ഹെൻറി ഡ്യുനന്റാണ്.

1859-ൽ ഫ്രാൻസിന്റെയും ഇറ്റലിയുടേയും സഖ്യസേനയും ഓസ്ട്രിയൻ സൈന്യവും തമ്മിൽ യുദ്ധം നടക്കുന്ന കാലത്ത് ഫ്രഞ്ച് സേനയെ നയിച്ചിരുന്ന നെപ്പോളിയൻ മൂന്നാമൻ ചക്രവർത്തിയെ ബിസിനസ്സ് സംബന്ധമായ ആവശ്യങ്ങൾക്ക് ഹെൻറി ഡ്യുനന്റ് കാണുവാൻ ഇറ്റലിയിലെ സോൾഫെറിനോയിൽ ചെന്നു. ഹെൻറി ഡ്യുനന്റിന്റെ ജീവിതത്തെ മാറ്റിമറിച്ച സംഭവങ്ങളാണ് അവിടെ കണ്ടത്.

യുദ്ധത്തിൽ മുപ്പതിനായിരത്തോളം പേർ മരിച്ചു. പതിനായിരത്തോളം പേർക്കു പരിക്കുപറ്റി, പരിക്കേറ്റ ആയിരക്കണക്കിനു സൈനികർ യുദ്ധഭൂമിയിൽ കിടക്കുന്നു. ആവശ്യത്തിനു ഭക്ഷണമില്ല. കുടിവെള്ളം ചോര കലർന്ന് മലിനമാക്കപ്പെട്ടിരിക്കുന്നു. മുറിവു വച്ചു കെട്ടുവാൻ തുണിപോലുമില്ല. ഈ ചുറ്റുപാടിൽ രോഗങ്ങൾ അതിവേഗം പടർന്നുപിടിച്ചു. ഈ കാഴ്ച കണ്ടു കൈയ്യും

കെട്ടി നിൽക്കുവാനോ അവിടം വിട്ടു പോകുവാനോ ആ മനുഷ്യസ്നേഹിക്കു കഴിഞ്ഞില്ല. പരുക്കേറ്റവർക്കു ഭക്ഷണവും വെള്ളവും നൽകുന്നതിനും അവരുടെ മുറിവുകൾ വച്ചു കെട്ടുന്നതിനുംവേണ്ടി അടുത്തുള്ള പട്ടണ മായ കാസ്റ്റിലിയോണിലെ സ്ത്രീകളെ സംഘടിപ്പിച്ചു അവർക്ക് നേതൃത്വം നൽകി. അവിടത്തെ ദേവാലയങ്ങൾ താൽകാലിക ആശുപത്രികളാക്കി മാറ്റി. ഒടുവിൽ മരിച്ച വരെയെല്ലാം സംസ്കരിക്കുകയും സാരമായി പരുക്കേറ്റ വരെ മിലാനിലെയും മറ്റു സമീപ നഗരങ്ങളിലേയും ആശു പത്രികളിലേയ്ക്ക് കൊണ്ടു പോകുകയും ചെയ്തു. ആരെ ങ്കിലും നേതൃത്വം നല്കാനുണ്ടെങ്കിൽ ഏതവസ്ഥയിലും സേവന സന്നദ്ധരായി ധാരാളം പേർ മുന്നോട്ടുവരുമെന്ന വസ്തുത അദ്ദേഹം തിരിച്ചറിഞ്ഞു.

ഡ്യുനന്റ് സ്വിറ്റ്സർലൻഡിലേക്ക് മടങ്ങിയെങ്കിലും യുദ്ധ സ്മരണകൾ അദ്ദേഹത്തെ വേട്ടയാടിക്കൊണ്ടിരുന്നു. 1862-ൽ അതിനെക്കുറിച്ച് ഒരു പുസ്തകമെഴുതി ഡ്യുനന്റ് സ്വന്തം ചെലവിൽ പ്രസിദ്ധീകരിച്ചു. ‘‘എ മെമ്മറി ഓഫ് സോൾഫെറിനോ’’ എന്നായിരുന്നു പുസ്തകത്തിന്റെ പേര്. ഈ പുസ്തകം യൂറോപ്പിൽ കോളിളക്കംതന്നെ സൃഷ്ടിച്ചു. ധാരാളം പേർ ഡ്യുനന്റിനെ പ്രശംസിച്ചു. 1863-ൽ മറ്റു നാലുപേർകൂടി ചേർന്ന് ‘‘ഇന്റർ നാഷണൽ കമ്മിറ്റി ഫോർ റിലീഫ് റ്റു ദ വൂണ്ടഡ്’’ എന്ന അഞ്ചംഗസമിതി രൂപീകരിച്ചു. റെഡ്ക്രോസ് എന്ന ലോകപ്രശസ്ത സംഘടനയുടെ തുടക്കമായിരുന്നു അത്.

---

*‘ചെയ്യേണ്ട നൻമ ഏതാണെന്നറിഞ്ഞിട്ടും അതു ചെയ്യാതിരിക്കു ന്നവൻ പാപം ചെയ്യുന്നു.’ (യോക്കോബ് 4 : 17)*

അഞ്ചംഗസമിതി മറ്റ് രാജ്യങ്ങളിലെ പ്രതിനിധികളെ ക്കൂടി പങ്കെടുപ്പിച്ച് 1863 ഒക്ടോബർ 23-ന് ജനീവയിൽ ഒരു പ്രാഥമിക സമ്മേളനം നടത്തി. ലോകത്തിലെ 150-ലധികം രാജ്യങ്ങളിൽ ശാഖകളുള്ള റെഡ്ക്രോസിന്റെ ഇപ്പോഴത്തെ പേര് "ഇന്റർ നാഷണൽ മൂവ്മെന്റ് ഓഫ് ദ റെഡ്ക്രോസ് ആന്റ് റെഡ്ക്രെസന്റ്" എന്നാണ്.


ബിസിനസ്സിലെ നഷ്ടം മൂലവും വിവിധ അസുഖ ങ്ങൾ മൂലവും പതിനാറു വർഷക്കാലം ഹെൻറി ഡ്യുനന്റിന്റെ ജീവിതം ക്ലേശം നിറഞ്ഞതായിരുന്നു. ദീർഘനാളത്തെ അസുഖങ്ങളിലും ദാരിദ്ര്യത്തിലും മനസ്സു പതറാതിരുന്ന ഹെൻറി ഡ്യുനന്റിന് വയസ്സുകാലത്ത് അന്താരാഷ്ട്ര പ്രശസ്തിയും ധാരാളം പണവും ലഭിച്ചു. 1901-ലെ സമാധാനത്തിനുള്ള ആദ്യത്തെ നൊബേൽ സമ്മാനം ലഭിക്കുകയുണ്ടായി. ഡ്യുനന്റ് ഏറെ ആദരിച്ചിരുന്ന വ്യക്തിയായ ഫ്രെഡറിക് പാസിയുമായി നൊബേൽ ബഹുമതി പങ്കുവച്ചു.

ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ച ഡ്യുനന്റ് മനുഷ്യ സേവനത്തിനായി സ്വന്തമായുള്ളതെല്ലാം നഷ്ട പ്പെടുത്തിയെങ്കിലും ജീവിച്ചിരുന്നപ്പോൾ തന്നെ ഇദ്ദേഹ ത്തിന് ദൈവം പ്രതിഫലം നൽകി. 1910 ഒക്ടോബർ 30-ന് അദ്ദേഹം അന്തരിച്ചു. ആ മനുഷ്യസ്നേഹി റെഡ്ക്രോസ് സംഘടനയിലൂടെ ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നു.

---

*'അവസാനം വരെ സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും."*
*(മത്തായി 24:13)*

## 3. കണ്ടുപിടുത്തങ്ങളുടെ രാജാവായ തോമസ് ആൽവ എഡിസൺ



പരാജയങ്ങളുടെയും വിജയങ്ങളുടെയും സമ്മിശ്ര ജീവിതമായിരുന്നു കണ്ടുപിടുത്തങ്ങളുടെ രാജാവെന്നറിയപ്പെടുന്ന തോമസ് ആൽവ എഡിസന്റേത്. അദ്ദേഹ ത്തിന്റെ ജീവിതത്തിലേക്ക് ഒന്ന് എത്തിനോക്കാം.

അമേരിക്കയിലെ ഒരു പട്ടണമായ മിലാനിൽ 1847 ഫെബ്രുവരി 11-ന് സാമിന്റെയും നാൻസിയുടെയും ഏഴാമത്തെ മകനായി ഒരു ഇടത്തരം കുടുംബത്തിൽ എഡിസൺ ജനിച്ചു. ജനനസമയത്ത് ആരോഗ്യം കുറവായിരുന്ന എഡിസന്റെ മൂന്നു സഹോദരങ്ങൾ അതിനോടകം മരണമടഞ്ഞിരുന്നു. 8-ാംവയസ്സിൽ സ്കൂളിൽ ചേർത്തെങ്കിലും ക്ലാസ്സുമുറിയിലെ പഠനത്തിൽ എഡിസന് താല്പര്യമില്ലായിരുന്നു. അദ്ധ്യാപകരെ കുഴയ്ക്കുന്ന നിരവധി സംശയങ്ങൾ ചോദിക്കുന്ന പ്രകൃതമായിരുന്നതിനാലും കർക്കശ സ്വഭാവക്കാരനായ ഹെഡ്മാസ്റ്ററിന്റെയും മറ്റു അദ്ധ്യാപകരുടെയും താല്പര്യക്കുറവുമൂലവും ആറു മാസമായ പ്പോൾ സ്ക്കൂൾ പഠനം ഉപേക്ഷിച്ചു. സ്ക്കൂൾ പഠനം മുടങ്ങിയതിൽപ്പിന്നെ എഡിസന്റെ അദ്ധ്യാപിക അമ്മ നാൻസിയായിരുന്നു. ധാരാളം പുസ്തകങ്ങൾ വാങ്ങി അവൾ എഡിസനെക്കൊണ്ട് വായിപ്പിച്ചു. എഡിസന്റെ കഴിവുകൾ പുറത്തുകൊണ്ടു വരുന്നതിൽ ഏറ്റവും പ്രധാന പങ്ക് വഹിച്ച വ്യക്തി അദ്ദേഹത്തിന്റെ അമ്മയാണ്.

---

*'നല്ല വാക്ക് ദാനത്തേക്കാൾ വിശിഷ്ടമാണ്."(പ്രഭാഷകൻ 18:16)*

ചരിത്ര പുസ്തകങ്ങൾ, നാടകങ്ങൾ, ബൈബിൾ, ശാസ്ത്ര പുസ്തകങ്ങൾ എന്നിങ്ങനെ ധാരാളം പുസ്തകങ്ങൾ എഡിസൺ വായിച്ചു. ശാസ്ത്ര പുസ്തകവായനയോടൊപ്പം വീട്ടിൽ ഒരു പരീക്ഷണ ശാലയും ആരംഭിച്ചു. പരീക്ഷണങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങുവാൻ വേണ്ടി പന്ത്രണ്ടാം വയസ്സിൽ എഡിസൺ റെയിൽവേ സ്റ്റേഷനിൽ ഒരു പത്ര വില്പനക്കാരനായി. പഴകിപ്പൊളിഞ്ഞ ഒരു ട്രെയിൻ ബോഗിയിൽ പത്ര ഓഫീസും ഒരു പരീക്ഷണശാലയും തുടങ്ങി. വരുമാനം വർദ്ധിച്ചപ്പോൾ സ്വന്തമായി ഒരു പത്രം തുടങ്ങി. ഒരിക്കൽ പരീക്ഷണശാലയിൽ ഒരു രാസവസ്തു എടുക്കുന്ന തിനിടെ അതു താഴെവീണ് പൊട്ടി. രാസവസ്തുവിന് തീ പിടിച്ചു കമ്പാർട്ട്മെന്റു മുഴുവൻ ആളിക്കത്തി. എഡിസന്റെ പ്രസ്സും പരീക്ഷണശാലയും നശിച്ചുവെന്നുമാത്രമല്ല ഒരു റെയിൽവേ ഉദ്യോഗസ്ഥൻ എഡിസന്റെ വലതു ചെവി ക്കുറ്റിക്ക് ആഞ്ഞടിക്കുകയും അവനെ അവിടെനിന്നും പുറത്താക്കുകയും ചെയ്തു. വിഷജ്വരം പിടിപെട്ട് എഡിസന്റെ വലതു ചെവിയുടെയും ഇടതുചെവിയുടെ 80%-വും കേൾവി നഷ്ടപ്പെട്ടു. എല്ലാം നഷ്ടപ്പെട്ട എഡിസൺ പ്രത്യാശ കൈവിടാതെ മുന്നോട്ടുപോയി.

ഒരിക്കൽ, പാഞ്ഞുവന്ന ഒരു ട്രെയിനിന്റെ മുമ്പിൽ നിന്നും ഒരു കുട്ടിയെ സാഹസികമായി രക്ഷപ്പെടുത്തി. ആ കുട്ടി കമ്പിതപാൽ വകുപ്പിലെ ഒരു ഉയർന്ന ഉദ്യോഗ സ്ഥന്റെ മകനായിരുന്നതിനാൽ എഡിസന് കമ്പിയടിക്കുന്ന ജോലി പഠിക്കുവാനും കമ്പിതപാൽ വകുപ്പിൽ ജോലി

നേടുവാനും സാധിച്ചു. പുസ്തകവായനയും പരീക്ഷണങ്ങളും വീണ്ടും തുടങ്ങി. 1868-ൽ ബോസ്റ്റണിലെത്തിയ എഡിസൺ അവിടുത്തെ വെസ്റ്റേൺ യൂണിയൻ ടെലിഗ്രാഫ് കമ്പനിയിൽ ജോലി സ്വീകരിച്ചു. 1869-ൽ അദ്ദേഹം ഇലക്ട്രോണിക്ക് വോട്ടിംങ് യന്ത്രം കണ്ടുപിടിച്ചു. അതേ വർഷം തന്നെ ന്യുയോർക്കിലെ ഗോൾഡ് ഇൻഡിക്കേറ്റർ കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു. അവിടെ വച്ചു ഒരു പുതിയ യന്ത്രം കണ്ടുപിടിച്ചു. അതിന് നാല്പതിനായിരം ഡോളർ പ്രതിഫലം ലഭിച്ചു. അങ്ങനെ പണക്കാരനായി. ആ പണം കൊണ്ട് ഒരു ഫാക്ടറി തുടങ്ങി അമ്പതു തൊഴിലാളികളെ നിയമിച്ചു. ഈ വിജയങ്ങൾ ക്കെല്ലാം പിന്നിൽ എഡിസന്റെ നിശ്ചയദാർഢ്യവും കഠിനാധ്വാനവുമായിരുന്നു.

1871-ൽ എഡിസന്റെ ഫാക്ടറിയിലെ ഒരു ജോലിക്കാരിയായിരുന്ന മേരി സ്റ്റിൽവെലിനെ വിവാഹം ചെയ്തു. ഫാക്ടറിയിൽ നിന്ന് ലഭിച്ച ലാഭം കൊണ്ട് 1876-ൽ ഒരു ഗവേഷണശാല സ്ഥാപിച്ചു. ആയിടയ്ക്ക് അലക്സാണ്ടർ ഗ്രഹാംബെൽ ടെലിഫോൺ കണ്ടുപിടിച്ചു. ഗ്രഹാം ബെല്ലിന്റെ ടെലിഫോണിന് ഒരുപാടു കുറവുകളുണ്ടായിരുന്നു. അത് പരിഹരിക്കുന്നതിനുവേണ്ടിയായി എഡിസന്റെ ശ്രമം. സമയത്ത് ഭക്ഷണം കഴിക്കാതെയും ഉറങ്ങാതെയുമുള്ള ദിവസങ്ങൾക്കൊടുവിൽ വിജയം കണ്ടെത്തി.

1877-ൽ തന്റെ മുപ്പതാംവയസ്സിൽ അദ്ദേഹം ഫോണോഗ്രാഫി (പാട്ട് പെട്ടി) കണ്ടുപിടിച്ചു. ഇത്

കണ്ടുപിടിക്കാൻ സഹായിച്ചത് എന്താണെന്ന് നോക്കാം. ഒരിക്കൽ ലബോറട്ടറിയിൽ എഡിസൺ പരീക്ഷ ണങ്ങളുടെ തിരക്കിലായിരുന്നു. ടെലിഗ്രാഫ് സന്ദേശങ്ങൾ സ്വയം രേഖപ്പെടുത്തുന്ന ഒരു ഉപകരണം കണ്ടുപിടിക്കുക. അതായിരുന്നു ലക്ഷ്യം. പക്ഷേ, എന്തു ചെയ്യാം; ഇടയ്ക്ക് ഒരു അപകടമുണ്ടായി സന്ദേശങ്ങൾ പകർത്താനായി നിർമ്മിച്ച ഉപകരണത്തിലെ ഒരു സൂചി എഡിസന്റെ കൈയിൽ തുളച്ചുകയറി. അതോടെ എഡിസൺ ഉറക്കെ നിലവിളിക്കുവാൻ തുടങ്ങി. എന്നാൽ നിലവിളിയുടെ ശബ്ദം കൂടുംതോറും സൂചി കൂടുതൽ ചലിച്ച് കൈയ്ക്കു ള്ളിൽ വേദന കൂടിക്കൊണ്ടിരുന്നു. ശബ്ദമുണ്ടാക്കുന്നതു കൊണ്ടാണോ സൂചി ചലിക്കുന്നത് എന്നറിയാനായി കൈയിൽ നിന്ന് സൂചി ഊരിമാറ്റാതെ വീണ്ടും വീണ്ടും എഡിസൺ ശബ്ദമുണ്ടാക്കി. അതേ, ഞാൻ കാണുന്നത് സത്യം തന്നെ ശബ്ദമുണ്ടാക്കുമ്പോൾ സൂചി കൂടുതൽ ചലിക്കുന്നു. അങ്ങിനെയെങ്കിൽ ഈ സൂചിയുടെ ചലന ങ്ങൾ ഒരു തകിടിൽ രേഖപ്പെടുത്താമല്ലോ എഡിസൺ ചിന്തിച്ചു. അന്നു രാത്രി തന്നെ ശബ്ദം രേഖപ്പെടുത്തുന്ന ഒരു യന്ത്രത്തിന്റെ ചിത്രം അദ്ദേഹം വരച്ചുണ്ടാക്കുകയും ചെയ്തു. ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ ആദ്യത്തെ ഫോണോഗ്രാഫ് എഡിസൺ കണ്ടുപിടിച്ചു. ഇതാണ് പിൽക്കാലത്ത് ഗ്രാമഫോണായി മാറിയത്. ലോക ത്തിൽ ആദ്യമായി യന്ത്രസഹായത്തോടെ രേഖപ്പെടു ത്തിയ ശബ്ദം എഡിസന്റേതാണ്. ഈ കണ്ടുപിടുത്ത ത്തോടെ ലോകരാജ്യങ്ങളിലെങ്ങും എഡിസൺ പ്രസിദ്ധ നായി.

എഡിസന്റെ മനസ്സിൽ ഇലക്ട്രിക് ബൾബ് കണ്ടുപിടിക്കുവാനുള്ള പദ്ധതി രൂപപ്പെട്ടു. അതിനുള്ള പരീക്ഷണങ്ങൾ തന്റെ ഗവേഷണശാലയിൽ ആരംഭിച്ചു. ഇലക്ടിക് ബൾബിന്റെ പ്രവർത്തനത്തിനായി മൂവായിര ത്തിലധികം 'തിയറി'കളാണ് അദ്ദേഹം വികസിപ്പിച്ചെടു ത്തത്. ഏറെക്കാലത്തെ പരീക്ഷണങ്ങൾക്കുശേഷം ഇതിൽ രണ്ടെണ്ണം മാത്രം അദ്ദേഹം തെരഞ്ഞെടുത്തു. കാർബൺ ഫിലമെന്റ് കൊണ്ട് ബൾബ് കത്തിക്കാമെന്ന് മനസ്സിലാക്കിയ എഡിസൺ ഈ ഫിലമെന്റ് നിർമ്മിക്കാ നായി ആറായിരത്തിൽപ്പരം വസ്തുക്കളിൽ പരീക്ഷണം നടത്തിനോക്കി. ഒടുവിൽ ഏറ്റവും മികച്ചത് തെരഞ്ഞെടുക്കുകയും ചെയ്തു.

ലോകം മുഴുവൻ പ്രകാശം പരത്തിയ ഈ കണ്ടുപിടുത്തത്തിനു പിന്നിലെന്താണ്? എഡിസന്റെ ക്ഷമാശീലവും ശുഭാപ്തി വിശ്വാസവും. ഫിലമെന്റിനു വേണ്ടിയുള്ള പരീക്ഷണങ്ങൾക്കിടയിൽ നൂറോളം ലോഹങ്ങൾ പരീക്ഷിച്ച് എല്ലാം കത്തിപ്പോയപ്പോൾ അദ്ദേഹത്തിന്റെ സഹായി ക്ഷമകെട്ടു പറഞ്ഞു: "നൂറ് ലോഹങ്ങളിൽ പരീക്ഷിച്ചില്ലേ. എന്നിട്ടും അതൊന്നും വിജയിച്ചില്ല. ഇനിയും പരീക്ഷണം തുടരുന്നത് ഫലശൂന്യമല്ലേ?". എഡിസന്റെ മറുപടി ഇതായിരുന്നു: "ഫലശൂന്യമോ? ഓരോ പരീക്ഷണം നടത്തുമ്പോഴും നമ്മൾ ഓരോ പാഠം പഠിക്കും. അതായത് ആ ലോഹം ബൾബിന് പറ്റിയതല്ല എന്ന്. അത് ഒരു ചെറിയ കാര്യമല്ല". എത്രതന്നെ പ്രതികൂല സാഹചര്യങ്ങളുണ്ടായാലും ക്ഷമയോടെ മുന്നോട്ടു നീങ്ങുവാനുള്ള ശുഭാപ്തി വിശ്വാസം എഡിസനുണ്ടായിരുന്നു.

എഡിസന്റെ പരീക്ഷണങ്ങൾ മുന്നോട്ടുപോയി. വൈദ്യുതി വിതരണത്തിനായുള്ള യന്ത്രം, ഇലക്ട്രിക് ട്രെയിൻ, ചലിക്കുന്ന ചിത്രങ്ങൾ കാണുന്നതിനുള്ള 'കൈനറ്റോസ് കോപ്പ്' യന്ത്രം, സ്റ്റോറേജ് ബാറ്ററി, പുതിയതരം ഡൈനാമോ, കേൾവിക്കുറവുള്ളവർക്ക് ഉപയോഗിക്കാവുന്ന ശ്രവണ സഹായി.... ഏകദേശം 1100 കണ്ടുപിടുത്തങ്ങൾ.

"അങ്ങയുടെ വിജയത്തിന്റെ രഹസ്യമെന്താണ്?" ഒരിക്കൽ ഒരു പത്രപ്രവർത്തകൻ എഡിസനോടു ചോദിച്ചു. "ഒരു കാര്യത്തിൽ ശ്രദ്ധിച്ചാൽ അതുമാത്രം ചിന്തിച്ച് അതുമായി ഇഴുകിച്ചേരാനുള്ള കഴിവാണ് രണ്ടു ശതമാനം പ്രചോദനം. ബാക്കി 98% കഠിനാധ്വാനം. അതാണെന്നു തോന്നുന്നു എന്റെ വിജയ രഹസ്യം".

ആറുമാസം മാത്രം സ്കൂളിൽ പോയ എഡിസൺ എങ്ങിനെ ലോകമെങ്ങും ബഹുമാനിക്കപ്പെടുന്ന ശാസ്ത്രജ്ഞനായി? ഒരേയൊരുത്തരം: "കഠിനാധ്വാനം". എഴുപതു വയസ്സ് പിന്നിട്ടപ്പോഴും അദ്ദേഹം ദിവസവും 16 മണിക്കൂർ നേരം പരീക്ഷണങ്ങളിൽ മുഴുകിയിരുന്നത്രേ!!

1931 ഒക്ടോബർ 18-ന് ആ വലിയ മനുഷ്യൻ ലോകത്തോടു വിടപറഞ്ഞു. ഒക്ടോബർ 21-ാം തീയതി അമേരിക്ക സകല ദീപങ്ങളും അണച്ച് എഡിസനോടുള്ള ആദരവ് പ്രകടിപ്പിച്ചു.

ഒന്നു ചിന്തിക്കൂ. 'മണിക്കൂറുകൾ അലസമായി ചെലവഴിക്കുന്ന സ്വഭാവം എനിക്കുണ്ടോ?' ഒരോ നിമിഷവും വിലപ്പെട്ടതാണെന്ന ചിന്തയോടെ അനുവദിക്കപ്പെട്ടിട്ടുള്ള സമയം ചിലവഴിക്കാറുണ്ടോ? അതിന് എഡിസന്റെ ജീവിതം നമുക്കു മാതൃകയല്ലേ?

## 4. അന്ധർക്കു പ്രകാശം പരത്തിയ ലൂയി ബ്രെയ്‌ലി.



ലോകത്തിലെ ലക്ഷക്കണക്കിനു അന്ധരെ അക്ഷര ലോകത്തിലേക്കു കൂട്ടിക്കൊണ്ടുവരുവാനും അതുവഴി ജീവിതത്തിനു വെളിച്ചം നല്കുവാനും സഹായിച്ച ഒരു മഹത്‌വ്യക്തിയാണ് ലൂയി ബ്രെയ്‌ലി. മൂന്നാം വയസ്സിൽ കാഴ്ച നഷ്ടപ്പെട്ട ബ്രെയ്‌ലിക്ക് എങ്ങിനെ ഇതു സാധിച്ചു? ഇതാ അദ്ദേഹത്തിന്റെ ജീവിത കഥ.... കഠിനാധ്വാനത്തിന്റെ കഥ..... നിശ്ചയദാർഢ്യത്തിന്റെ കഥ.

ഫ്രാൻസിലെ പാരീസിൽ നിന്നും 40 കി.മി. ദൂരെയുള്ള കൂവ്‌റെ ഗ്രാമത്തിൽ 1809 ജനുവരി 4-ാം തീയതി സൈമൺ റെനെയുടെയും മോണിക്കയുടെയും മകനായി ലൂയി ബ്രെയ്‌ലി ജനിച്ചു. ബ്രെയ്‌ലിക്ക് രണ്ട് ചേച്ചിമാരും ഒരു ചേട്ടനും ഉണ്ടായിരുന്നു. മൂന്ന് വയസ്സ് പ്രായമുള്ളപ്പോൾ ഒരു ദിവസം പിതാവിന്റെ പണിശാലയിൽ വച്ച് ഒരു കത്തി കണ്ണിൽ വീഴുകയും പിന്നീട് അണുബാധയെ തുടർന്ന് രണ്ട് കണ്ണുകളുടെയും കാഴ്ച നഷ്ടപ്പെടുകയും ചെയ്തു. ആറാം വയസ്സിൽ ആബെ പോളിയെന്ന ഒരു പുരോഹിതന്റെ സഹായത്താൽ ബെക്കറെറ്റ് എന്ന അദ്ധ്യാപകന്റെ കീഴിൽ സ്വന്തം ഗ്രാമത്തിലെ തന്നെ സ്കൂളിൽ പഠിക്കുവാനുള്ള

---

*ജ്ഞാനം നേടുന്നവനും അറിവു ലഭിക്കുന്നവനും ഭാഗ്യവാനാണ്. എന്തെന്നാൽ, അതു കൊണ്ടുള്ള നേട്ടം വെള്ളിയെയും സ്വർണ്ണത്തെയുംകാൾ ശ്രേഷ്ഠമാണ്.” (സുഭാഷിതങ്ങൾ 3:13-14)*

ഭാഗ്യം ലഭിച്ചു. വായിച്ചു മനസ്സിലാക്കുവാൻ സാധിച്ചില്ലെങ്കിലും ക്ലാസ്സിൽ പഠിപ്പിക്കുന്ന കാര്യങ്ങൾ അത്ഭുതകരമായ രീതിയിൽ അവൻ മനഃപാഠമാക്കി. താമസിയാതെ ക്ലാസ്സിൽ ഒന്നാമനായി മാറി.

അറിവുനേടി അന്ധതയെ പരാജയപ്പെടുത്തണമെന്നായിരുന്നു ലൂയിയുടെ സ്വപ്നം. പക്ഷേ അത് എളുപ്പമായിരുന്നില്ല. അക്കാലത്ത് അന്ധർക്ക് വിദ്യാഭ്യാസം നേടാനോ, തൊഴിൽ പഠിക്കുവാനോ ഉള്ള അവസരങ്ങൾ തീരെ കുറവായിരുന്നു. ലൂയിയുടെ പിതാവിന്റെയും ഫാ. ആബെ പോളിന്റെയും മറ്റും സഹായത്താലും ലൂയിയുടെ നിരന്തര പ്രാർത്ഥനയാലും ലോകത്തിലെ ആദ്യത്തെ അന്ധവിദ്യാലയമായ റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബ്ലൈൻഡ് ചിൽഡ്രൺ ഇൻ പാരീസ് എന്ന വിദ്യാലയ ത്തിൽ താമസിച്ചു പഠിക്കുവാൻ 1819 ഫെബ്രുവരി മാസം പ്രവേശനം ലഭിച്ചു. ക്ലാസിൽ അധ്യാപകൻ പറഞ്ഞു കൊടുക്കുന്നത് കുട്ടികൾ ഏറ്റു പറയും. ഇതായിരുന്നു രീതി.

പാരീസിൽ ലൂയി ബ്രെയ്‌ലി പഠിച്ചിരുന്ന അന്ധവിദ്യാലയത്തിന്റെ സ്ഥാപകനായിരുന്ന വലന്റീൻ ഹൗവി അന്ധർക്കുവേണ്ടി ഒരു അക്ഷരരീതിയും ആ രീതിയിൽ ഏതാനും പുസ്തകങ്ങളും ഉണ്ടാക്കി യെടുത്തു. വിരൽ തൊട്ട് വായിക്കാവുന്ന പുസ്തകങ്ങൾ – ഈയത്തിൽ തീർത്ത അക്ഷരങ്ങൾക്കുമീതെ കട്ടിയുള്ള കടലാസ് അമർത്തിയാണ് ഈ പുസ്തകങ്ങൾ ഉണ്ടാക്കി യിരുന്നത്. ഈ പുസ്തകത്തിന്റെ ഒരു പേജ് ഉണ്ടാക്കാൻ തന്നെ ധാരാളം സമയം വേണ്ടിയിരുന്നു. വർഷങ്ങൾ ചെലവഴിച്ചിട്ടും എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടത്ര പുസ്തകം

നിർമ്മിക്കുവാൻ സാധിച്ചില്ല. അക്ഷരങ്ങൾ തൊട്ടു മനസ്സിലാക്കി വായിക്കുവാൻ കൂടുതൽ സമയം വേണ്ടി യിരുന്നു.

ലൂയി പതിനെട്ടാമൻ രാജാവിന്റെ പീരങ്കിപ്പടയുടെ ഒരു ക്യാപ്റ്റനായിരുന്ന ചാൾസ് ബാർബിയർ സൈനികർ ക്കിടയിൽ രഹസ്യമായി സന്ദേശം കൈമാറുന്നതിനുവേണ്ടി ഒരു പുതിയ എഴുത്തുരീതി കണ്ടുപിടിച്ചു. ഈ രീതി അന്ധർക്ക് ഉപയോഗിക്കാവുന്ന വിധത്തിലാക്കിയശേഷം അദ്ദേഹം അതിന് 'സോനോഗ്രാഫ്' എന്ന് പേരിട്ടു.

സോനോഗ്രാഫിയിൽ കേമനായിത്തീർന്ന ലൂയി ബ്രെയ്‌ലി അതിന്റെ പോരായ്മകൾ മനസ്സിലാക്കി അതിലെ എഴുത്തുരീതിയിൽ ചില്ലറ പരിഷ്കാരങ്ങൾ വരുത്തി യതിനുശേഷം സ്കൂൾ ഡയറക്ടറെ കാണിച്ചു. അദ്ദേഹം അത് ബാർബിയറെ വിളിച്ചു കാണിച്ചു. പതിമൂന്ന് വയസ്സു മാത്രമുള്ള ഒരു അന്ധവിദ്യാർത്ഥി സോനോഗ്രാഫിയിൽ വരുത്തിയ മാറ്റങ്ങളിൽ ബാർബിയർ അത്ഭുതപ്പെട്ടെങ്കിലും തന്റെ എഴുത്തുരീതിക്ക് ഒരു മാറ്റവും വരുത്തുവാൻ അദ്ദേഹം തയ്യാറായില്ല.

സോനോഗ്രാഫി കൂടുതൽ ലളിതമാക്കുക, അതിലെ നിരവധി പോരായ്മകൾ പരിഹരിക്കുക, എളുപ്പത്തിൽ ആശയ വിനിമയം നടത്തുക തുടങ്ങിയ ആശയങ്ങളിൽ നിന്നും സംഗീതവും ശാസ്ത്രവും സാഹിത്യവും എല്ലാം ഉൾക്കൊള്ളുന്ന ഒരു ലിപി സമ്പ്രദായത്തിനു രൂപം

---

*"എത്ര ആഗ്രഹിച്ചാലും അലസന് ഒന്നും കിട്ടുന്നില്ല. സ്ഥിരോത്സാ ഹിക്ക് സമൃദ്ധമായി ലഭിക്കുന്നു." (സുഭാ. 13:4)*

കൊടുക്കുവാൻ ലൂയി തീരുമാനിച്ചു. ഇതിനുവേണ്ടിയുള്ള പരിശ്രമങ്ങളിൽ മുഴുകി. അതിരാവിലെ എഴുന്നേറ്റും വളരെ വൈകി കിടന്നുറങ്ങിയും ധാരാളം സമയം കടലാസിൽ കുത്തുകളിട്ട് കഠിനപ്രയത്നം കൊണ്ട് ലൂയി അത് സാധിച്ചെടുത്തു. വെറും ആറ് കുത്തുകൾകൊണ്ട് എല്ലാ അക്ഷരങ്ങളും ഉച്ചാരണ ചിഹ്നങ്ങളും ലൂയി നിർമ്മിച്ചു. ആറു കുത്തുകൾ ഉപയോഗിച്ച് അറുപത്തിമൂന്ന് തരം ക്രമീകരണം ലൂയി വികസിപ്പിച്ചെടുത്തു. അന്ധവിദ്യാർത്ഥി കളെ സംബന്ധിച്ച് ലൂയി ബ്രെയ്‌ലിയുടെ പുതിയ ലിപി തികച്ചും പുതിയൊരു യുഗത്തിന്റെ ആരംഭമായിരുന്നു. പാരീസിൽ മാത്രമല്ല ലോകമെങ്ങും!

പഠിക്കുന്ന കാലത്തു തന്നെ പഠിപ്പിക്കുന്നതിലും സാമർത്ഥ്യം കാണിച്ച ലൂയി ബ്രെയ്‌ലി 19-ാം വയസ്സിൽ അദ്ധ്യാപകനായി. 1830-കളുടെ തുടക്കത്തിൽ ലൂയിക്ക് ഇടയ്ക്കിടെ അസുഖങ്ങൾ വന്നുകൊണ്ടിരുന്നു. 1931-ൽ പിതാവ് സൈമൺ റെനെ മരണമടഞ്ഞു.

കാഴ്ചയില്ലാത്തവരും ഉള്ളവരും തമ്മിൽ ആശയ വിനിമയം നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ലൂയി പരീക്ഷിച്ചു കൊണ്ടിരുന്നു. 1839-ൽ ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്തി. പൊന്തി നൽക്കുന്ന കുത്തുകൾകൊണ്ട് സാധാരണ അക്ഷരങ്ങൾ നിർമ്മിക്കുക. കാഴചയില്ലാത്ത

---

*"വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക, ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്. എന്തെന്നാൽ, സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു. സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യമായ മനുഷ്യരും". (പ്രഭാഷകൻ 2:4-5)*

വർക്ക് ഇത് തൊട്ടു മനസ്സിലാക്കുകയും കാഴ്ച യുള്ളവർക്ക് ഇതു വായിക്കുകയും ചെയ്യാം. ഭൂപടങ്ങൾ, സംഗീതം, ഗണിതശാസ്ത്രം തുടങ്ങിയവയെല്ലാം ഈ രീതിയിൽ എഴുതാം. ഈ രിതിയെ ലൂയി 'റാഫിഗ്രഫി' എന്നു വിളിച്ചു.

ബ്രെയ്‌ലി ലിപി അന്ധർക്ക് വളരെ പ്രയോജന പ്രദമാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടെങ്കിലും സ്വന്തം സ്കൂളിൽ ഔദ്യോഗിക പഠന മാധ്യമമാക്കാതിരുന്നതി നാൽ ലിപി കണ്ടുപിടിച്ചു 17 വർഷങ്ങൾ പിന്നിട്ടിട്ടും അതിനു അന്താരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിച്ചില്ല. ഇതിൽ ലൂയി വളരെ വേദനിച്ചു.

1844 ഫെബ്രുവരി 22-ാം തീയതി പാരീസിലെ അന്ധ വിദ്യാലയത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന് കാണികളിലൊരാളായി ലൂയി ബ്രെയ്‌ലിയും ഉണ്ടായിരുന്നു. വേദിയിലിരുന്ന ജോസഫ് ഗാഡറ്റിന്റെ പ്രസംഗസമയത്ത് അദ്ദേഹം ബ്രെയ്‌ലി ലിപി അവതരിപ്പിക്കുകയും സോനോഗ്രാഫിയുടെ പോരായ്മ കളെക്കുറിച്ചും ബ്രെയ്‌ലി ലിപിയുടെ ഗുണങ്ങളെക്കുറിച്ചും ഏറെനേരം സംസാരിച്ചു. കാണികളുടെ ഇടയിൽ ഇരുന്ന ലൂയി ബ്രെയ്‌ലിയെ അദ്ദേഹം സദസ്സിനു പരിചയപ്പെടുത്തി. കാണികൾ ലൂയിയെ അഭിന്ദിച്ചുകൊണ്ട് കൈയടിച്ചു. അതുകേട്ട ലൂയിയുടെ മുഖത്ത് സന്തോഷം പരന്നു. വർഷ ങ്ങളോളം നീണ്ടുനിന്ന പ്രയത്നം അംഗീകരിക്കപ്പെട്ടതിൽ സന്തോ ഷിച്ചു.

ഇതിനുശേഷം ബ്രെയ്‌ലി ലിപി വളരെ വേഗത്തിൽ പ്രചാരം നേടി. 1852 ജനുവരി 6-ന് തന്റെ 43-ാം ജന്മദിനം കഴിഞ്ഞ് മൂന്നാം ദിവസം ലൂയി ബ്രെയ്‌ലി അന്തരിച്ചു.

1854-ൽ ഈ ലിപി അന്ധരുടെ ഔദ്യോഗിക ലിപി സമ്പ്രദായമായി ഫ്രാൻസ് അംഗീകരിച്ചു. 1878-ൽ പാരീസിൽവച്ചു നടന്ന യൂറോപ്യൻ രാജ്യങ്ങളുടെ സമ്മേളനത്തിൽ ബ്രെയ്‌ലി ലിപി യൂറോപ്യൻ രാഷ്ട്രങ്ങൾ അംഗീകരിച്ചു. 1917-ൽ അമേരിക്കയും ഈ ലിപി സമ്പ്രദായം അംഗീകരിച്ചു. ബ്രെയ്‌ലി ലിപിയുടെ പരിഷ്കൃതരൂപമാണ് ഇന്ന് ലോകത്തിലെ ലക്ഷക്കണ ക്കിന് അന്ധർക്ക് വെളിച്ചമേകുന്നത്.

നൂറുശതമാനം ആത്മാർത്ഥതയും കഠിനാധ്വാനവും ചേർന്നുള്ള ഒരാളുടെ പ്രവർത്തനങ്ങൾ ഇന്ന് അല്ലങ്കിൽ നാളെ ഫലമണിയും എന്ന സത്യം ബ്രെയ്‌ലിയുടെ ജീവിത കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു.

---

*'നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും. നിങ്ങൾ എന്നെ കണ്ടെത്താൻ ഇടയാക്കുമെന്നു കർത്താവ് അരുളിചെയ്യുന്നു. ഞാൻ നിങ്ങളുടെ ഐശ്വര്യം പുന:സ്ഥാപിക്കും. നിങ്ങളെ ചിതറിച്ചിരിക്കുന്ന എല്ലാ സ്ഥലങ്ങളിലും ദേശങ്ങളിലും നിന്ന് ഞാൻ നിങ്ങളെ ഒരുമിച്ചു കൂട്ടും. എവിടെ നിന്നു ഞാൻ നിങ്ങളെ അടിമത്തത്തിലേക്കയച്ചോ ആ സ്ഥലത്തേക്കു തന്നെ നിങ്ങളെ കൊണ്ടുവരും കർത്താവ് അരുളിച്ചെയ്യുന്നു." (ജറെമിയ 29:13-14)*

*"ദൈവത്തോടു ചേർന്നു നിൽക്കുവിൻ അവിടുന്ന് നിങ്ങളോടും ചേർന്നു നിൽക്കും" (യാക്കോബ് 4:8)*

*"നന്മചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിന് പ്രീതികരമാണ്." (ഹെബ്രാ. 13:16)*

# 6. ഫൗണ്ടൻ പെൻ കണ്ടുപിടിച്ച ലൂയി എഡ്സൺ വാട്ടർമാൻ



തനിക്കു പറ്റിയ അബദ്ധമോ നിർഭാഗ്യമോ ഓർത്ത് നിരാശപ്പെടാതെ സർവ്വ ജനങ്ങളുടേയും നന്മയ്ക്ക് ഉതകുന്ന ദൈവീക പദ്ധതിയിൽ പങ്കുചേർന്നു പ്രവർത്തിച്ച് വിജയം നേടിയ വ്യക്തിയാണ് ലൂയി എഡ്സൺ വാട്ടർമാൻ (1837–1901).

1883ലെ ആ ദിവസം അമേരിക്കക്കാരനായ ലൂയി എഡ്സൺ വാട്ടർമാൻ എന്ന ഇൻഷ്വറൻസ് ബ്രോക്കർക്ക് നിർണ്ണായകമായിരുന്നു. ജീവിതത്തിലെ വിവിധ പരാജയങ്ങളാൽ വൻ തകർച്ച നേരിട്ടിരുന്ന വാട്ടർമാന് അവസാന കച്ചിത്തുരുമ്പായി ലഭിച്ച ഒരു വലിയ കരാർ ഒപ്പിടുന്നതിനുള്ള പ്രമാണങ്ങളുമായി അന്നു ലഭ്യമായിരുന്ന ഒരു പേനയും വാങ്ങി നിശ്ചിത സ്ഥലത്ത് അദ്ദേഹം എത്തിച്ചേർന്നു. തനിക്കു കൈവരാനിരിക്കുന്ന വൻ സാമ്പത്തിക നേട്ടം മനസ്സിൽ ഓർത്ത് കരാർ ഒപ്പിടുന്നതിനായി പേനയെടുത്ത് എഴുതാൻ തുടങ്ങിയപ്പോൾ മഷിവരുന്നില്ല. വാട്ടർമാൻ പേന തിരിച്ചും മറിച്ചും നോക്കി; കുടഞ്ഞു നോക്കി; കുലുക്കി നോക്കി; ഒരു ഫലവുമുണ്ടായില്ല. എല്ലാം കണ്ടുകൊണ്ട് അല്പം മടുപ്പോടെ നിൽക്കുന്ന വൻവ്യവസായിയുടെ മുഖം ദർശിച്ചപ്പോൾ വാട്ടർമാന് പരിഭ്രമമായി. കുറച്ചുനേരത്തെ പരിശ്രമങ്ങൾക്കുശേഷം, അതാ, പേനയിൽ നിന്നും മഷി കുതിച്ചു ചാടുന്നു. മുദ്രപ്പത്രങ്ങളടങ്ങിയ പ്രമാണങ്ങൾ മഷിയിൽ കുതിർന്നു. പതറി

പ്പോയെങ്കിലും സംയമനം വീണ്ടെടുത്ത വാട്ടർമാൻ മറ്റൊരു പേന സംഘടിപ്പിക്കാൻ പുറപ്പെട്ടു. അല്പസമയത്തിനുശേഷം പുതിയൊരു പേനയുമായി തിരിച്ചെത്തിയപ്പോഴോ? വ്യവസായി സ്ഥലം വിട്ടുകഴിഞ്ഞിരിന്നു. മറ്റൊരു ബ്രോക്കർ കരാർ സ്വന്തമാക്കുകയും ചെയ്തു.

വൻ കടബാധ്യതയിൽ നിന്നും രക്ഷപ്പെടുവാൻ ഉതകുമായിരുന്ന ആ വലിയ കരാർ കേവലം ഒരു പേന മൂലം നഷ്ടപ്പെടുവാനുണ്ടായതിനെയോർത്ത് മനസ്സ് അസ്വസ്ഥമായെങ്കിലും അതിൽ നിരാശപ്പെടുവാനോ ദൈവത്തെ കുറ്റപ്പെടുത്തുവാനോ അദ്ദേഹം തയ്യാറായില്ല. ഈ പേന ഇനി മറ്റൊരാൾക്കു വിനയാകരുതെന്ന ചിന്തയോടെ മഷിയെ നിയന്ത്രിക്കുവാൻ കഴിയുന്ന ഒരു പേന കണ്ടുപിടിക്കുവാനുള്ള ശ്രമങ്ങളാണ് വാട്ടർമാൻ ചെയ്തത്. നിരന്തരമായ കഠിനാധ്വാനത്തിനുശേഷം അതിൽ വിജയം വരിച്ചു. ആദ്യത്തെ ഫൗണ്ടൻ പേന ലൂയി എഡ്സൺ വാട്ടർമാൻ കണ്ടുപിടിച്ചു.

1899-ൽ അദ്ദേഹം മോൺട്രിയലിൽ ഒരു പേന ഫാക്ടറി ആരംഭിച്ചു. 1901-ൽ അന്തരിക്കുമ്പോൾ പ്രതിവർഷം മൂന്നര ലക്ഷം പേനകൾ നിർമ്മിക്കുന്ന കമ്പനിയുടെ ഉടമയായിരുന്നു അദ്ദേഹം.

---

*"കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണ്.' (ജെറെമിയ 29:11)*

# 7. പരസ്നേഹ പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. വിൻസെന്റ് ഡീ പോൾ



പാരീസിൽ ഫ്രെഡറിക് ഓസാനാമും സഹപാഠികളും ചേർന്ന് 1833-ൽ ആരംഭിച്ച കത്തോലിക്ക ആത്മീയ സംഘടനയായ സെന്റ് വിൻസെന്റ് ഡീ പോൾ സൊസൈറ്റി സ്ഥാപിതമായത് വിൻസെന്റ് ഡീപോളിന്റെ നാമധേയത്തിലും മാധ്യസ്ഥ്യത്തിലുമാണ്. ഇപ്പോൾ 141 രാജ്യങ്ങളിൽ ശാഖകളുള്ളതും ഏഴുലക്ഷം അംഗങ്ങൾ പ്രവർത്തിക്കുന്നതും ലക്ഷക്കണക്കിനു സാധുജനങ്ങൾക്ക് ആതുരസേവനം നിർവഹിക്കുന്നതുമായ ഈ ആഗോള സംഘടനയ്ക്ക് കാരണമായിത്തീർന്ന വി. വിൻസെന്റ് ഡീ പോളിന്റെ ജീവിതത്തിലേയ്ക്ക് ഒന്ന് എത്തിനോക്കാം.

ഫ്രാൻസിൽ പൂയി എന്ന കൊച്ചുഗ്രാമത്തിൽ സാധാരണ കർഷകരായ ജീൻ ഡി പോളിന്റെയും ബ്രട്രാൻന്റെയുടെയും ആറുമക്കളിൽ മൂന്നാമതായി ജനിച്ച വിൻസെന്റ് സൽസ്വഭാവിയും ഭക്തനും ബുദ്ധിമാനുമായിരുന്നു. മകനെ ഒരു വൈദികനാക്കുന്നതിനുവേണ്ടി മാതാപിതാക്കൾ അവനെ ഫ്രാൻസിസ്കൻ സന്യാസിമാർ നടത്തുന്ന കലാലയത്തിൽ അയച്ചു. വളരെ ഉത്സാഹത്തോടെ പഠനത്തിൽ മുഴുകിയ വിൻസെന്റ് ലത്തീൻ, ജർമ്മൻ, ഫ്രഞ്ച് ഭാഷകളിൽ പ്രാവീണ്യം നേടി. കുടുംബം സാമ്പത്തീകമായി ബുദ്ധിമുട്ടനുഭവിച്ചിരുന്നതിനാൽ കുട്ടികൾക്ക് ട്യൂഷനെടുത്തായിരുന്നു ഉപരിപഠനം നടത്തിയത്. ദൈവശാസ്ത്രത്തിലും സഭാനിയമത്തിലും

പ്രശസ്തമാംവിധം ബിരുദം നേടിയ വിൻസെന്റ് 1600 സെപ്തംബർ 13-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു.

1605 ജൂലൈ മാസം വിൻസെന്റ് മെഡിറ്ററേനിയൻ കടലിലൂടെ യാത്രചെയ്യുമ്പോൾ കടൽ കൊള്ളക്കാർ കപ്പൽ ആക്രമിക്കുകയും യാത്രക്കാരെ കൊള്ളയടി ക്കുകയും മർദ്ദിക്കുകയും തുടർന്ന് വിൻസെന്റിനേയും മറ്റുള്ളവരേയും ടൂണിസിലെ അടിമച്ചന്തയിൽ വിൽക്കു കയും ചെയ്തു. രണ്ടുവർഷത്തെ അടിമത്വത്തിനുശേഷം 1607 ജൂൺ 29-ാംതീയതി അവിടെനിന്നു ബോട്ടുമാർഗ്ഗം രക്ഷപ്പെട്ട് അവിഞ്ഞോൺ എന്ന സ്ഥലത്ത് എത്തിചേർന്നു. അവിടെ മാർപാപ്പയുടെ പ്രതിനിധിയായ കർദ്ദിനാളിന്റെ പക്കലെത്തി സഭയോടുള്ള വിധേയത്വം ഏറ്റുപറയുകയും തുടർന്ന് കുറച്ചുനാൾ അവിടെ താമസിച്ച് ഇറ്റാലിയൻ ഭാഷയിൽ പ്രാവീണ്യം നേടുകയും ചെയ്തു.

1608 അവസാനം വിൻസെന്റ് പാരീസിലെത്തി രാജാവായ ഹെൻട്രി നാലാമന്റെ കൊട്ടാരത്തിൽ മാർഗ്ഗററ്റുവലോയി രാജ്ഞിയുടെ ചാപ്ലിമ്മാരിലൊരാളായി നിയമിതനായി. ധർമ്മതല്പരയായ രാജ്ഞിയുടെ ഉദാരമായ ദാനങ്ങൾ ദരിദ്രരുടെയിടയിൽ വിതരണം ചെയ്യുകയായിരുന്നു പ്രധാന ജോലി. പട്ടിണിപ്പാവങ്ങൾ, രോഗാതുരർ, നിരാശ്രയർ, യാതനയുടെ ബലിമൃഗങ്ങൾ എന്നീ ഹതഭാഗ്യരുടെ ഇടയിൽ ജോലി ചെയ്യാൻ അവസരം ലഭിച്ചു. പ്രാർത്ഥനയിൽ ദീർഘസമയം ചിലവിട്ടിരുന്ന വിൻസെന്റിന് വീരോചിതമായ സുകൃതങ്ങൾ അഭ്യസിക്കു ന്നതിന് പാരീസിലായിരുന്ന കാലത്ത് അവസരം ലഭിച്ചിട്ടുണ്ട്.

1611–ൽ ഒരു ദിവസം തനിക്കു പരിചയമുള്ള ഒരു ഡോക്ടറുടെ മാനസീക സംഘർഷം വിൻസെന്റ് ഏറ്റെടുത്തു. വിശ്വാസ സംബന്ധമായ പ്രലോഭനങ്ങൾ വന്നപ്പോൾ വിൻസെന്റ് ദൈവസന്നിധിയിൽ ഒരു വാഗ്ദാനം നടത്തി. പാവപ്പെട്ടവരിൽ ക്രിസ്തുവിനെ കണ്ടുകൊണ്ട് അവർക്കായി തന്നെത്തന്നെ മറന്ന് സേവനം ചെയ്തുകൊള്ളാം എന്ന്. ആ വാഗ്ദാനത്തിൽ നിന്നും അണുവിടപോലും വ്യതിചലിക്കാതെയായിരുന്നു വിൻസെന്റിന്റെ മരണംവരെയുള്ള ജീവിതം.

1612 മെയ്മാസം പാരീസിനടുത്തുള്ള ക്ലിഷി ഇടവകയിൽ വിൻസെന്റ് വികാരിയായി നിയമിക്കപ്പെട്ടു. പാവപ്പെട്ട ഇടവക ജനത്തിന് അദ്ദേഹം നല്ലൊരു ഇടയനായി. രോഗികളും ദരിദ്രരുമായ ജനങ്ങൾക്ക് അദ്ദേഹം അത്താണിയായി മാറി. പിന്നീട് ഗോണ്ടി പ്രഭുകുടുംബത്തിൽ ഫിലിപ്പ് ഡീ ഗോണ്ടിപ്രഭുവിന്റെ മക്കളുടെ ഉപാദ്ധ്യായനായി നിയമിക്കപ്പെട്ടു. അധികം താമസിയാതെ ഗോണ്ടി പ്രഭുവിന്റെ ജോലിക്കാരുടെയും ആശ്രിതജനങ്ങളുടെയും അദ്ധ്യാത്മീക നിയന്താവായി ത്തീർന്നു.

ഒരിക്കൽ മരണാസന്നനായിക്കിടന്ന ഒരു കർഷകന്റെ പക്കലേക്ക് ഗോണ്ടിപ്രഭ്വി വിൻസെന്റിനെ കൊണ്ടുപോയി. അയാൾ അച്ഛന്റെ മുമ്പിൽ നടത്തിയ കുമ്പസാരം വലിയൊരു വഴിത്തിരിവായി. വി. പൗലോസിന്റെ

---

*"ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ട പ്പെടുത്തിയാൽ അവന് എന്തു പ്രയോജനം" (മത്തായി 16:26)*

മാനസാന്തരത്തിന്റെ ദിനം ദേവാലയത്തിൽവെച്ച്, ഒരു സമ്പൂർണ്ണ കുമ്പസാരത്തിന്റെ ആവശ്യകതയെക്കുറിച്ച് ഒരു പ്രസംഗം പറയണമെന്ന് പ്രഭ്വി ആവശ്യപ്പെട്ടു. വിൻസെന്റിന്റെ പ്രസംഗം ശ്രോതാക്കളിൽ അത്ഭുതകര മായ ഫലം ഉളവാക്കി. കുമ്പസാരത്തിനും ജീവിത നവീകര ണത്തിനുമായി ആളുകൾ തിങ്ങിക്കൂടി. കുമ്പസാരിപ്പി ക്കുവാനും കുദാശകൾ നൽകുവാനും അദ്ദേഹം ഈശോ സഭാ വൈദികരുടെ സഹായം തേടി. എല്ലാഗ്രാമങ്ങളിലും ഈ പരിപാടി ആവർത്തിക്കപ്പെട്ടു. അഞ്ചുകൊല്ലത്തി ലൊരിക്കലെങ്കിലും ഇത്തരം മിഷൻ ധ്യാനങ്ങൾ നടത്തി ജനങ്ങളെ കുമ്പസാരത്തിനൊരുക്കുന്നതിനായി വൈദിക സമൂഹത്തിനു സംഭാവനയായി 16000 ലിവർ ഗോണ്ടി പ്രഭ്വി നീക്കിവെച്ചു.

1617-ൽ വിൻസെന്റ് സാറ്റിലോൺ ഇടവകയിൽ സേവനം ചെയ്യുമ്പോൾ ഒരു ഞായറാഴ്ച ദിവ്യപൂജക്ക് ഒരുങ്ങുന്ന സമയത്ത് ഒരു സ്ത്രീ വന്ന് അദ്ദേഹത്തോട ഭ്യർത്ഥിച്ചു. അംഗങ്ങളെല്ലാം രോഗബാധിതരായി ക്കഴിഞ്ഞിരുന്ന ഒരു ദരിദ്രകുടുംബത്തിന്റെ നിസ്സഹായാ വസ്ഥയെപറ്റി പ്രസംഗത്തിൽ രണ്ടുവാക്ക് പറയണമെന്ന്. തദനുസരണം ആ കുടുംബത്തിന്റെ നിരാംലംബസ്ഥിതി യേയും പരസ്നേഹത്തിന്റെ വൈശിഷ്ട്യത്തേയും കുറിച്ച് ഹൃദയസ്പർശകമാംവിധം അദ്ദേഹം സംസാരിച്ചു.

സായാഹ്നത്തിൽ, ആ പാവപ്പെട്ട ഭവനം സന്ദർശി ക്കാൻ പോവുകയായിരുന്ന വിൻസെന്റ് കണ്ടകാഴ്ച അദ്ദേ ഹത്തെ അത്ഭുതപരവശനാക്കി. ആ ദരിദ്ര ഭവനത്തിലേക്ക്

കൈനിറയെ ആഹാരപദാർത്ഥങ്ങളുമായി വന്നവരുടെ ഒരു ജനാവലി.

ഈ സംഭവത്തിൽ നിന്നും വിൻസെന്റ് ഒരു കാര്യം മനസ്സിലാക്കി. മറ്റുള്ളവരെ സഹായിക്കാൻ താല്പര്യമുള്ള ധാരാളം ജനങ്ങളുണ്ട്. എന്നാൽ അവരെ ശരിയായ രീതിയിൽ നയിച്ച് അർഹിക്കുന്നവരെ സഹായിക്കുവാനുള്ള ഒരു സംവിധാനമില്ല. ഇതിനൊരു പരിഹാരം വിൻസെന്റ് മൂന്നുമാസം കൊണ്ട് കണ്ടെത്തി. സ്ത്രീകളുടെ ഒരു പരസ്നേഹ സംഘം- ലേഡീസ് ഓഫ് ചാരിറ്റി. പിന്നീട് പുരുഷന്മാരും പരസ്നേഹ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാകാൻ അഭിലഷിച്ചു. 1620-ൽ അവർക്കുവേണ്ടിയും പുതിയ സംഘടന വിൻസെന്റ് സ്ഥാപിച്ചു. ചിലഗ്രൂപ്പുകൾ - സ്ത്രീകളുടേയും പുരുഷന്മാരുടേയും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചുപോന്നെങ്കിലും അതിന്റെ ദോഷഫലങ്ങൾ മനസ്സിലാ ക്കിയ വിൻസെന്റ് ആ സംഘങ്ങൾ പരസ്പരം ബന്ധമില്ലാത്തവയായി പ്രവർത്തിക്കുവാൻ നിർദ്ദേശം നല്കി. ഇത്തരം സംഘങ്ങളാണ് പിൽക്കാലത്ത് വിൻസെന്റ് ഡീ പോൾ സംഘടനയെ വാർത്തെടുക്കുവാൻ ഫ്രെഡറിക് ഓസാനാമിന് പ്രചോദനമരുളിയത്.

യാതനയനുഭവിക്കുന്നവരെ അന്വേഷിച്ചുള്ള പുറപ്പാടിൽ വിൻസെന്റിന്റെ ആർദ്രദൃഷ്ടികൾ പാരീസിലെ ഇരുളടഞ്ഞ ജയിലറകളിലേക്കും കപ്പലടിമകളുടെ ഇടയിലേക്കും എത്തി. നരകസദൃശങ്ങളായിരുന്ന കാരാഗൃഹ ങ്ങൾ അനുതാപികളുടെ വാസസ്ഥലങ്ങളാക്കുവാൻ വിൻസെന്റിന്റെ ത്യാഗപ്രവർത്തികൾക്കു സാധിച്ചു.

ഗോണ്ടി പ്രഭുവിയുടെ ആഗ്രഹവും ആർച്ചുബിഷപ്പിന്റെ ആവശ്യവുമനുസരിച്ച് മിഷൻ പ്രവർത്തനങ്ങളുടെ നേതൃത്വം വിൻസെന്റ് ഏറ്റെടുത്തു. വിൻസെന്റിന്റെ നേതൃത്വത്തിൽ ഏതാനും വൈദികർ ഫ്രാൻസിലെ വിവിധ നഗരങ്ങൾ  ചുറ്റിക്കറങ്ങി ദൈവവചനം പ്രഘോ ഷിച്ചു. ഉപദേശവും ജീവിത മാതൃകയും വഴി അനേകരെ ദൈവനാമത്തിലേക്ക് ആനയിച്ചു.

വിൻസെന്റ് ആരംഭിച്ച പ്രസ്ഥാനം 1625 മാർച്ചു മാസത്തിൽ ഒരു സഭാ സമൂഹമായി പ്രഖ്യാപിക്കപ്പെട്ടു. വൈദികരുടെ മിഷൻ സംഘം (Congregation of Priests of the Mission) വിൻസെൻഷ്യൻസ് എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. തുടക്കത്തിൽ ആറുപേർ മാത്ര മുണ്ടായിരുന്ന വൈദികരുടെ എണ്ണം വർദ്ധിച്ചുവന്നു. വി. ലാസറിന്റെ നാമധേയത്തിലുള്ള ഒരു ആശ്രമം അതിന്റെ ശ്രേഷ്ഠൻ അവർക്കു വിട്ടുകൊടുത്തു.

ആ ഭവനത്തിൽ വസിക്കുക നിമിത്തം അവർ ലാസറിസ്റ്റുകൾ എന്ന് അപരനാമത്തിലും അറിയപ്പെട്ടു. അവരുടെ സേവന മേഖല വർദ്ധിപ്പിക്കുന്നതിനായും നല്ല വൈദികരെ വാർത്തെടുക്കുന്നതിനായും ഫ്രാൻസിൽ ഉടനീളം സെമിനാരികൾ സ്ഥാപിക്കുവാൻ വിൻസെന്റ് മുന്നോട്ടു വന്നു. സംഘത്തിന്റെ പ്രവർത്തന മേഖല ഫ്രാൻസിന്റെ അതിർത്തികൾ വിട്ട് ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്ക് വ്യാപിച്ചുകൊണ്ടിരുന്നു.

1633-ൽ സ്ത്രീകൾക്കുവേണ്ടി 'സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി' എന്ന സംഘടന വിൻസെന്റ് സ്ഥാപിച്ചു.

വിൻസെന്റ് തന്നെയാണ് അതിന്റെ നിയമസംഹിതയ്ക്ക് ഊടും പാവും നൽകിയത്.

ആരോരുമില്ലാത്ത അനാഥ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നത് വിൻസെന്റിന് ഏറ്റവും പ്രിയങ്കരമായ കാര്യമായിരുന്നു. ഒരു രാത്രിയിൽ അദ്ദേഹം തെരുവീഥിയിൽ കൂടി കടന്നുപോകുമ്പോൾ തണുപ്പു കൊണ്ട് വിറച്ചു മരണാസന്നനായി കിടക്കുന്ന ഒരു ശിശുവിനെ എടുത്തുകൊണ്ടുപോയി ഉദാരമതികളായ ഏതാനും സ്ത്രീകളുടെ സംരക്ഷണയിൽ ഏല്പിച്ചു. കുട്ടികൾക്കുവേണ്ടിയുള്ള അനാഥമന്ദിരം സ്ഥാപിക്കുവാൻ ഈ സംഭവം വിൻസെന്റിന് പ്രേരണ നൽകി.

ഒരു രാത്രിയിൽ ഒരു ശിശുവിനെ ഭദ്രമായി തന്റെ വസ്ത്രത്തിൽ പൊതിഞ്ഞുകൊണ്ടുപോകുമ്പോൾ ഏതാനും തസ്ക്കരന്മാർ അതു വിലയേറിയ എന്തോ നിക്ഷേപമായിരിക്കുമെന്നുകരുതി അദ്ദേഹത്തെ പിടികൂടി, എന്നാൽ വിൻസെന്റ് മേൽവസ്ത്രം നീക്കി ശിശുവിനെ കാണിച്ചുകൊടുത്തപ്പോൾ അവർ ലജ്ജാവിവശരായി അദ്ദേഹത്തിന്റെ പാദത്തിൽ നമസ്ക്കരിക്കുകയാണ് ചെയ്തത്.

ദരിദ്രരുടെ കാര്യത്തിലെന്നപോലെ വിൻസെന്റ് ധനികരുടെ കാര്യത്തിലും വളരെ ശ്രദ്ധാലുവായിരുന്നു. ദൈവം പ്രദാനം ചെയ്തിരിക്കുന്ന സമ്പൽ സമൃദ്ധിയിൽ ഒരു വീതം ആവശ്യാനുസരണം സാധുക്കൾക്കു നൽകുന്നതിനും അങ്ങനെ ദൈവാനുഗ്രഹലബ്ധിക്ക് അർഹരായിത്തീരുന്നതിനും വേണ്ട ഉപദേശങ്ങൾ അദ്ദേഹം അവർക്കു കൊടുത്തിരുന്നു.

ദീർഘനാളത്തെ കഠിനാദ്ധ്വാനം വിൻസെന്റിനെ രോഗാധീനനാക്കി. 1660 സെപ്തംബർ 27-ാം തീയതി പ്രഭാതത്തിൽ വിൻസെന്റ് ഡീ പോളിന്റെ പാവനാത്മാവ് നിത്യസമ്മാനം സ്വീകരിക്കുന്നതിനായി സ്വർഗ്ഗീയ നാഥന്റെ പക്കലേക്ക് പറന്നുപോയി. അദ്ദേഹത്തിന്റെ വിശുദ്ധിയുടെ പ്രശസ്തി വളരെ പെട്ടെന്ന് ഫ്രാൻസിലെങ്ങും പരന്നു. ഫാദർ വിൻസെന്റിനെ 1729 -ൽ  വാഴ്ത്തപ്പെട്ടവനായും 1737-ൽ വിശുദ്ധനായും തിരുസഭ പ്രഖ്യാപിച്ചു.

ലോകമെമ്പാടുമുള്ള പരസ്നേഹ പ്രവർത്തനങ്ങൾക്ക് ആവേശവും ഉത്സാഹവും പകരുന്ന വിശുദ്ധ വിൻസെന്റ് ഡീ പോൾ നമുക്കും പ്രചോദനമല്ലേ?. ദൈവം നമുക്ക് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളുടെ ഒരു പങ്ക് അത് അർഹിക്കുന്നവർക്കു പങ്കുവയ്ക്കുവാൻ നാം കടപ്പെട്ടവരല്ലേ? ഈ മനോഭാവം നമുക്കു വളർത്തിയെടുക്കാം.

---

**Medical Abbreviations**

| | | |
|---|---|---|
| AIDS | - | Acquired Immuno Deficiency Syndrome |
| BCG | - | Bacille Calmette Guerin *(A Tuberculosis Vaccine)* |
| ECG | - | Electro CardioGram |
| ENT | - | Ear, Nose and Throat |
| ESR | - | Electron Spin Resonance |
| HIV | - | Human Immunodeficiency Virus |
| ICU | - | Intensive Care Unit |
| OPV | - | Oral Polio Vaccine |
| SARS | - | Severe Acute Respiratory Syndrom |
| TB | - | Tuberculosis Bacillus |

# MEDICAL TERMS

| | |
|---|---|
| Anatomy | - ശരീര ഘടനാശാസ്ത്രം |
| Cardiology | - ഹൃദ്രോഗ പഠനം |
| Dermitology | - ത്വക്ക് രോഗ വീജ്ഞാനീയം |
| Gerontology | - വാർദ്ധ്യക്യ വിജ്ഞാനീയം |
| Gynaecology | - സ്ത്രീ രോഗ വീജ്ഞാനീയം |
| Haematology | - രക്തത്തെപ്പറ്റിയുള്ള പഠനം |
| Nephrology | - വൃക്കയെപ്പറ്റിയുള്ള പഠനം |
| Neurology | - നാഡീവ്യൂഹ പഠന ശാസ്ത്രം |
| Obstetrics | - ഗർഭം, പ്രസവം, എന്നിവയെപ്പറ്റിയുള്ള പഠനം |
| Odontology | - ദന്ത വൈദ്യശാസ്ത്രം |
| Oncology | - ട്യൂമറുകളെപ്പറ്റി പഠിക്കുന്ന ശാസ്ത്രം |
| Ophthalmology | - കണ്ണിന്റെയും കണ്ണുരോഗത്തിന്റെയും പഠനം |
| Orthodontics | - പല്ലിന്റെ സ്ഥാന വ്യതിയാനങ്ങൾ പരിഹരിക്കു ന്നതിനുള്ള ദന്ത ചികിത്സാ വിഭാഗം |
| Orthopaedics | - അസ്ഥികൾ, സന്ധികൾ തുടങ്ങിയവ യെപ്പറ്റിയുള്ള പഠന ശാസ്ത്രം |
| Otology | - ശ്രവണേന്ദ്രിയ ചികിത്സാ പഠന ശാസ്ത്രം |
| Paediatrics | - ബാലചികിത്സ |
| Pathology | - രോഗ പഠന ശാസ്ത്രം |
| Pharmacology | - ഔഷധ പഠന ശാസ്ത്രം |
| Psychiatry | - മനോരോഗ ചികിത്സാ ശാസ്ത്രം |
| Pulmonology | - ശ്വാസകോശ സംബന്ധമായ പഠന ശാസ്ത്രം |
| Radiology | - എക്സ്റേ രശ്മികൾ ഉപയോഗിച്ചുള്ള ചികിത്സാ പഠന ശാസ്ത്രം |
| Urology | - മൂത്ര വ്യൂഹത്തെപ്പറ്റിയുള്ള പഠനശാസ്ത്രം |
| Virology | - വൈറസിനെപ്പറ്റിയുള്ള പഠന ശാസ്ത്രം |

**Books of P.O. Luise** B.Com, MBA, FCMA

1. Basic and Commercial Mathematics
2. Commercial Abbreviations
3. ക്രൈസ്തവ പൊതുവിജ്ഞാനം
4. ദൈവമാതാവായ പരിശുദ്ധമറിയം
5. വഴികാട്ടികൾ
6. അനുദിന പ്രാർത്ഥനകൾ
7. ദിവ്യകാരുണ്യ ആരാധന
8. യേശുവിന്റെ പീഡാനുഭവ അനുസ്മരണ പ്രാർത്ഥന
9. കുമ്പസാരവും കുർബാന സ്വീകരണവും
   (P.O. Luise & Cisy Luise)
10. റോസ മിസ്റ്റിക്ക മാതാവിനോടുള്ള നൊവേന
   (Rev. Dr. Jose Puthiyedath & P.O. Luise)

PDF format of the above books are available at free of cost in the website www.catholicgk.com and www.annmariapublishers.com

Special and attractive Websites with rich content of information (English and Malayalam).

Please visit the Website and inform your friends and relatives.

"Go throughout the whole world and preach the Gospel to all Mankind" *(Mark 16:15)*